# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1914 | 04.11.2019-ൽ മറുപടിയ്ക്ക്

### ക്യാബിനറ്റ് പദവിയും, ആനുകൂല്യങ്ങളും

| | ചോദ്യം<br>ശ്രീ.പി.കെ.അബ്ദു റബ്ബ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ക്യാബിനറ്റ് പദവി നൽകിയിട്ടുള്ളത് ആർക്കൊക്കെയാണ്; നിലവിലില്ലാതിരുന്ന ഏതെല്ലാം സ്ഥാനങ്ങളിലുള്ളവർക്കാണ് ഇപ്പോൾ ക്യാബിനറ്റ് പദവി നല്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ; | (എ) | മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ഗവ.ചീഫ് വിപ്പ്, വൈസ് ചെയർമാൻ പ്ലാനിംഗ് ബോർഡ് എന്നിവർക്ക് ക്യബിനറ്റ് പദവി നിലവിലുണ്ട്. ആയത് കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ചുവടെപ്പറയുന്ന വ്യക്തികൾക്കുകൂടി ക്യാബിനറ്റ് പദവി അനുവദിച്ചു നൽകിയിട്ടുണ്ട്. |

| ക്രമ നം | പേര് | സ്ഥാനം |
|---|---|---|
| 1 | ശ്രീ.ആർ.ബാലകൃഷ്ണ പിള്ള | ചെയർമാൻ, കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ |
| 2 | ഡോ.എ.സമ്പത്ത് | സംസ്ഥാന സർക്കാരിന്റെ ന്യൂഡൽഹിയിലെ പ്രത്യേക പ്രതിനിധി |
| 3 | ശ്രീ.വി.എസ്.അച്യുതാനന്ദൻ | ഭരണ പരിഷ്കാര കമ്മീഷൻ അദ്ധ്യക്ഷൻ |
| 4 | ശ്രീ.സി.പി.സുധാകര പ്രസാദ് | അഡ്വക്കേറ്റ് ജനറൽ, കേരള |

| | | | |
|---|---|---|---|
| (ബി) | മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ് വിപ്പ്, പ്രതിപക്ഷ നേതാവ് എന്നിവരൊഴികെ ക്യാബിനറ്റ് പദവിയിലുള്ളവർക്കായി പ്രതിമാസം ശമ്പളം, അലവൻസുകൾ ,മറ്റാനുകൂല്യങ്ങൾ എന്നീ ഇനങ്ങളിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത്; ഇതിനായി ഓരോരുത്തർക്കും എത്ര രൂപയാണ് പ്രതിമാസം ചെലവ് വരുന്നത്; ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; | (ബി) | ശ്രീ.ആർ.ബാലകൃഷ്ണ പിള്ള നിലവിൽ ശമ്പളം കൈപ്പറ്റുന്നില്ല. അദ്ദേഹത്തിന് ചട്ടം അനുവദിക്കും പ്രകാരം യാത്രാപ്പടി മാത്രമാണ് അനുവദിച്ചു വരുന്നത്.<br><br>ഡോ.എ.സമ്പത്തിന് 92,423/- രൂപ പ്രതിമാസ ശമ്പളമായി അനുവദിച്ചു വരുന്നു.<br><br>ഭരണപരിഷ്കാര കമ്മീഷൻ ചെയർമാനായ ശ്രീ.വി.എസ്.അച്യുതാനന്ദന് നൽകിവരുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (സി) | പുതിയതായി ഏതെങ്കിലും തരത്തിലുള്ള നിയമനങ്ങൾക്ക് ക്യാബിനറ്റ് റാങ്ക് നൽകുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഇപ്പോൾ പരിഗണനയിൽ ഇല്ല |

സെക്ഷൻ ഓഫീസർ

അനുബന്ധം

| വർഷം | ശമ്പളം/അലവൻസ് | യാത്രാബത്ത/ വിമാനയാത്ര | മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് | ലാന്റ് ഫോൺ | മൊബൈൽ | ബ്രോഡ്ബാന്റ് |
|---|---|---|---|---|---|---|
| 2016-17 | NIL | NIL | NIL | NIL | NIL | NIL |
| 2017-18 | 1012518 | 251267 | 312485 | 25840 | 12028 | 12522 |
| 2018-19 | 1058429 | 300594 | 542281 | 9377 | 7481 | 15965 |
| **Total** | **2070947** | **551861** | **854766** | **35217** | **19509** | **28487** |